കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി9)983/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/07/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇ-മെയിൽ)
കാര്യാലയപ്പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി9)983/2024 തീയ്യതി: 29/07/2024

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 20-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റഫി ജോൺ	ജോയിന്റ് ഡയറക്ടർ(ഇൻചാർജ്)	21-06-2024	26-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-06-2024	26-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ. ടി. (ഓഡിറ്റ് ഓഫീസർ)

ശ്രീമതി സുമിത ടി. എസ്. (അസി. ഓഡിറ്റ് ഓഫീസർ)

ശ്രീമതി ധന്യ ദിലീപ് (ഓഡിറ്റർ)

ശ്രീമതി നിലൂഫർ ബി. ഐ. (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
സി.കെ ഗിരിജ	പ്രസിഡന്റ്	01-04-2023	31-03-2024
രേണുക കെ.ഡി	സെക്രട്ടറി	01-04-2023	04-07-2023
മധുരാജ് കെ	സെക്രട്ടറി	05-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലളിത കെ.കെ	വനിത ശിശുവികസന ഓഫീസർ	01-04-2023	31-03-2024
അനില മാത്യു	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2023	31-03-2024
ഗിരീഷ് കുമാർ പി	പട്ടികജാതി വികസന ഓഫീസർ	01-04-2023	27-04-2023
വിഷ്ണു എം.എസ്	പട്ടികജാതി വികസന ഓഫീസർ	28-04-2023	31-03-2024
ഡോ.സോന എം	മെഡിക്കൽ ഓഫീസർ	01-04-2023	31-03-2024
വിനോദ് കുമാർ ബി	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
സന്തോഷ് എം.പി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2023	03-10-2023
ബാബു ടി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	12-10-2023	31-03-2024
വിധുബാല എസ്	ക്ഷീരവികസന ഓഫീസർ	01-04-2023	07-07-2023
വിധു വി.എസ്	ക്ഷീരവികസന ഓഫീസർ	08-07-2023	31-03-2024
ബിന്ദു എം.യു	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	02-01-2024
ലിജു കെ.എൽ	അസിസ്റ്റന്റ് എഞ്ചിനീയർ	03-01-2024	08-02-2024
ബിന്ദു എം.യു	അസിസ്റ്റന്റ് എഞ്ചിനീയർ	09-02-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-1
3	ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ പലിശ ഉൾപ്പെടുത്തിയില്ല	1-1-2
4	അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്	1-1-3
5	വാടക (തൻവർഷം) കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-4
6	ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.	1-1-5
7	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-6
8	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-7
9	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല	1-1-8
10	വാടകയിനത്തിലെ കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-9
11	പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല	1-1-10
12	Capital Work In Progress തെറ്റായി രേഖപ്പെടുത്തി	1-1-11
13	ബ്ലോക്കിന്റേതല്ലാത്ത ആസ്തികൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി	1-1-12
14	കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവ് തുക വാർഷികകണക്ക് പ്രകാരവും സുലേഖചെലവ് പത്രിക പ്രകാരവും പൊരുത്തമില്ല	1-1-13
15	ബജറ്റ്	1-2
16	ഫണ്ട് വിനിയോഗം	1-3
17	പദ്ധതി അവലോകനം	1-4
18	ക്യാഷ് ബാലൻസ് പരിശോധന	1-5
19	ആഭ്യന്തരനിയന്ത്രണം	1-6
20	വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്	1-7
21	ലേലം -വരവ്	1-8
22	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.	1-9
23	വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകങ്ങൾ	1-10
24	ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല	1-11
25	ബയോ മെട്രിക് പഞ്ചിങ്ങ് സംവിധാനം പൂർത്തീകരിച്ചിട്ടില്ല.	1-12
26	വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഇല്ല.	1-13
27	ഡോക്ടർ,പാരാ മെഡിക്കൽ സ്റ്റാഫ് വേതനം മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കി.	1-14
28	മരുന്ന് വാങ്ങൽ -സബ്സിഡി മാർഗ്ഗരേഖ നിബന്ധന പാലിച്ചില്ല.	1-15
29	ക്വട്ടേഷൻ/ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങലുകൾ നടത്തി	1-16
30	മരുന്ന് വാങ്ങൽ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.	1-17
31	ലാബ് റീയേജന്റ്സ്, അനുബന്ധ സാമഗ്രികൾ വാങ്ങൽ നടപടി ക്രമത്തിലെ അപാകങ്ങൾ	1-18
32	എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല	1-19
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1

2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മതിലകം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 12.06.2024 ലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13.06.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി :

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1-1-1 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് (3147431) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 721390 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ പലിശ ഉൾപ്പെടുത്തിയില്ല

Bank Of Baroda -IAY State Share (8197) ന്റെ ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 139023 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബാങ്ക്സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള യഥാർഥ നീക്കിയിരിപ്പ് തുക 139983.50 രൂപയാണ്. 31.3.2024 ന് പലിശയിനത്തിൽ 961രൂപ വരവുള്ളത് ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണം. അപാകത 2024 ഏപ്രിൽ മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ പരിഹരിച്ചിട്ടുണ്ട്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും നടപടി സ്വീകരിക്കാത്തതിനാൽ 2023-24ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

1-1-3 അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 -450610108 ശീർഷകത്തിൽ Indian Bank Kodungallur (94578) ന്റെ നീക്കിയിരിപ്പായി 9,25,087 രൂപ ചേർത്തിട്ടുണ്ട്. ടി അക്കൗണ്ടിൽ ട്രാൻസാക്ഷൻസ് ഒന്നും തന്നെ ഇല്ല. അക്കൗണ്ട്, നീക്കിയിരിപ്പ് തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് കൊടുങ്ങല്ലൂർ ബ്ലോക്ക് നിർത്തലാക്കിയപ്പോൾ കൈമാറിക്കിട്ടിയ അക്കൗണ്ടാണിതെന്നും പ്ലാൻ സംബന്ധമായ ഇടപാടുകളാണ് ഇതിൽ നടന്നിട്ടുള്ളതെന്നും മറുപടി ലഭ്യമായിട്ടുണ്ട്. നീക്കിയിരിപ്പ് തുക സഞ്ചിതനിധിയിലേക്ക് അടവാക്കി ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-4 വാടക (തൻവർഷം) കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

1) വാടക (തൻവർഷം) കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
വാടക (തൻവർഷം) AFS പ്രകാരം	1304474	169561	1134913
വാടക (തൻവർഷം) രജിസ്റ്റർ പ്രകാരം	1304474	183702	1120772

സാംഖ്യ സോഫ്റ്റ്വെയറിൽ രസീത് രേഖപ്പെടുത്തിയപ്പോൾ തൻവർഷം, കുടിശ്ശിക തുകകൾ ശീർഷകം മാറി രേഖപ്പെടുത്തിയതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നതെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. അപാകത പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

2) വാടക ഡിമാന്റ് രജിസ്റ്ററിൽ കുടിശ്ശിക സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം എഴുതിയിട്ടില്ല.

1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

A) അഡ്വാൻസ് രജിസ്റ്ററിൽ Other Advance സംബന്ധിച്ച 2023-24 ലെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുന്നിരിപ്പ്, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

B) ഡെപ്പോസിറ്റ് രജിസ്റ്ററിൽ Contractors Retention സംബന്ധിച്ച 2023-24 ലെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുന്നിരിപ്പ്, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മറ്റു ഡെപ്പോസിറ്റ് വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല.

രജിസ്റ്ററുകൾ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

2023-24 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൗച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക (38 കെട്ടിടങ്ങൾ)	130100101-Rent From Building	1304474 രൂപ	31.3.2024	42300068

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉണ്ടാവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധരേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-9 വാടകയിനത്തിലെ കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ 3127951രൂപ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത

സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-10 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീയിനങ്ങളിൽ ചെലവഴിക്കാൻ 31.03.2024ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2024 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17		
ക്രമനമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൌണ്ട്	തുക
1	320200104 320200111 320200112	Development Fund -CFC Grant Development Fund -CFC Grant Tied Development Fund -CFC Grant Untied	4592092 5267636 536410 10396138	450650103	VPFA-IV CFC -Award Grant	10211394
2	320100115 320300103 320200319	Centrally Sponsored Scheme-Total Sanitation Campaign Grants Funds &Contribution For Specific Purpose-Total Sanitation Grant For Solid Waste Management	2705932 21866 47000 2774798	450610104	Canara Bank TSC Fund(50179)	27,54,738
3.	320100110	Centrally Sponsored Scheme-IAY General	484492	450610102 450610107	BOB-IAY Plan Share (5021) BOB-IAY State Share(8197)	17799211 139023 1,79,38,234

അപാകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഉണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 1/26.6.2024).

1-1-11 Capital Work In Progress തെറ്റായി രേഖപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31.03.2024 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31.03.2024 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 983707 രൂപയാണ്. എന്നാൽ 31.03.2024 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 5481483 രൂപയാണ്. അപാകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 1/26.6.2024).

1-1-12 ബ്ലോക്കിന്റേതല്ലാത്ത ആസ്തികൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

അക്കൗണ്ട് ശീർഷകം	തുക
410300102- Roads Tarred	2,10,76,387
410300105-Roads Earthen	975766
410300103-Roads Metal	16298186
410400103-Drinking Water -Pipelines	1385000
410400101-Drinking Water -Sources	6,790
410500102-Irrigation Distribution System(Pipe,Canal Etc)	533090
410300301 -Culverts	12,399,963

ഈ ആസ്തികളിന്മൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു. ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതാത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതും ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതുമാണ്. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-1-13 കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് -ചെലവ് തുക വാർഷികകണക്ക് പ്രകാരവും സുലേഖചെലവ് പത്രിക പ്രകാരവും പൊരുത്തമില്ല

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വിവിധ പ്രൊജക്ടുകളുടെ ചെലവുകൾ സുലേഖ ചെലവ് പത്രിക പ്രകാരവും വാർഷിക ധനകാര്യപത്രികയിലെ പത്രികകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു(ഓഡിറ്റ് അന്വേഷണം നം9/28.6.2024).

ക്രമ നമ്പർ	ഫണ്ട്	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്			വ്യത്യാസം
			റവന്യൂ ചെലവ് (ഇൻകം & എക്സ്പൻഡിച്ചർ പത്രിക-ഷെഡ്യൂൾ I-6)	മൂലധനച്ചെലവ് (312100101-Capital Contribution	ആകെ ചെലവ്	

				ലെഡ്ജർ പ്രകാരം)		
1	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	1,29,56,334	1,49,24,622	0	1,49,24,622	19,68,288

കേന്ദ്രധനകാര്യകമ്മീഷൻ അക്കൗണ്ടിൽ Prior Period Expenses ഇനത്തിൽ 1988850 രൂപ അനുവദിച്ചതും പദ്ധതി നം.4 നെൽപ്പിണി തോട് പെരുന്തോട് അറപ്പത്തോട് സൈഡ് കെട്ടി സംരക്ഷണം എന്ന പ്രവർത്തിയുടെ ടാക്സ്, KCWWF എന്നീ ഇനങ്ങളിൽ 20562 രൂപ ഇ-ഗ്രാം സോഫ്റ്റ്വെയറിൽ അധികമായി ഈടാക്കിയതും കൊണ്ടാണ് ഈ വ്യത്യാസമെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അധികമായി ഈടാക്കിയ 20562 രൂപ കോൺട്രാക്ടർക്ക് 1.6.2024 ലെ സി/610/24 നമ്പർ ഉത്തരവ് പ്രകാരം കോൺട്രാക്ടർക്ക് തിരികെ നല്കിയിട്ടുണ്ട്.

1-2 ബജറ്റ്

ബജറ്റ്	പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
	16.03.2023	1(1)	444802000	441384000
റിവൈസ്ഡ് ബജറ്റ്				
	27.01.2024	8(1)	111485400	110179950

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട്-ജനറൽ	0	38570000	38570000	29704797	8865203
വികസനഫണ്ട്-എസ്.സി.പി	0	18971000	18971000	12624181	6346819
മെയിന്റനൻസ്-റോഡിതരം	0	6806600	6806600	6805994	606
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് &അൺടൈഡ് ഗ്രാന്റ്	*7,993,558	6387000(അൺടൈഡ്)+4790000(ടൈഡ്) +346156(പലിശ) =11523156	19516714	12956334	**6560380

* സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied &Untied ന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, പലിശ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അവ കൂടി ഉൾപ്പെടുത്തിയ തുകകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് & അൺടൈഡ് ഗ്രാന്റ് എന്നിവ 320200104 എന്ന ഒറ്റ ശീർഷകത്തിൽ വരവായി എടുത്തിട്ടുള്ളതിനാൽ മുന്നിരിപ്പ് വേർതിരിച്ച് എടുക്കാൻ സാധിച്ചിട്ടില്ല.
**നീക്കിയിരിപ്പ് തുകയും ലെഡ്ജർ ബാലൻസും പൊരുത്തപ്പെടുന്നില്ല (അപാകത ഖണ്ഡിക 1-1-13 ൽ പരാമർശിച്ചിട്ടുണ്ട്).

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ(എണ്ണം)	അടങ്കൽ(തുക)	നടപ്പിലാക്കിയത്(എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതി	നടപ്പാക്കിയ പ്രോജക്ടുകളുടെ

				തുകയുടെ ശതമാനം	എണ്ണത്തിന്റെ ശതമാനം
152	80314600	97	62091276	75.21	63.81

1-5 കൃാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 26.06.2024 തീയതിയിൽ 3.00 PM ന് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

1-6 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-7 വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

വാർഷിക ധനകാര്യപത്രിക പ്രകാരം 2023-24 സാമ്പത്തികവർഷത്തിൽ വാടക കുടിശ്ശികയിനത്തിൽ താഴെ പറയുന്ന പ്രകാരം കുടിശ്ശിക കാണുന്നു.

ശീർഷകം	പേര്	തുക
431400101	Rent Receivables(current)	11,34,913
431400102	Rent Receivables(Arrear)	31,27,951
	ആകെ	42,62,864

ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനമാണ് കെട്ടിടങ്ങളിൽ നിന്നുമുള്ള വാടക എന്നിരിക്കെ വാടക കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.വ്യക്തികളിൽ വാടക കുടിശ്ശിക സംബന്ധിച്ചതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.2 തിയതി 26/06/2024) മറുപടിയായി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ വാടക കെട്ടിടങ്ങളിൽ ലേലം കൊണ്ടവരിൽ സ്ഥിരമായി വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും തുക ഈടാക്കുന്നതിന്റെ ഭാഗമായി നോട്ടീസ് അയച്ചും നേരിട്ട് ബന്ധപ്പെട്ടും വാടക ഈടാക്കാൻ ശ്രമിച്ചതിന്റെ അടിസ്ഥാനത്തിൽ ചിലർ വാടക അടച്ച് സഹകരിക്കുകയും കുറച്ച് പേര് വാടക ഒഴിവാക്കി കിട്ടുവാൻ ബഹു.കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം അൻപത് ശതമാനം വാടക അടവാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഈടാക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊണ്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
വാടക കൃത്യമായി പിരിച്ചെടുക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ച് തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

1-8 ലേലം -വരവ്

വാർഷിക ധനകാര്യപത്രിക പ്രകാരം 2023-24 സാമ്പത്തികവർഷത്തിൽ രസീറ്റ് & പേയ്മെന്റ് പ്രകാരം RP -5 Sale& Hire Charges ൽ Sale Of Empties And Waste Meterials ഇനത്തിൽ 29600 രൂപ വരവ് വന്നിട്ടുണ്ട്. ആയതിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ലേലത്തിന്റെ വരവായി 29.07.23 ന് 2000 രൂപയും (ഫയൽ നം.B 212/A/2023), 14.08.23 ന് 27600 രൂപയും (GEO 100/2023) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ വരവായി വന്ന 2000 രൂപയുടെ ലേലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ

പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 6/ 26.06.24)

1-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പദ്ധതി നം.53/24) എന്ന പ്രോജക്ട് പ്രകാരം മതിലകം ഗ്രാമപഞ്ചായത്തിന് താഴെ പറയും വിധം തുകകൾ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	വൗച്ചർ നം/തീയതി	തുക
മതിലകം	22300871/23.3.2024	65652 രൂപ
	22300874/23.3.2024	76622 രൂപ
	ആകെ	142274 രൂപ

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 4/26.6.2024).

1-10 വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകങ്ങൾ

പദ്ധതി നം : 117/24

പദ്ധതിയുടെ പേര്: വനിതാ സംരംഭകരുടെ സ്വയം തൊഴിൽ, ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം

അടങ്കൽ തുക: 1519500 രൂപ (പൊതുവിഭാഗം-സാധാരണ വിഹിതം)
ചെലവ് തുക: 1118013രൂപ (പൊതുവിഭാഗം-സാധാരണ വിഹിതം)
നിർവഹണോദ്യോഗസ്ഥൻ : വ്യവസായ വികസന ഓഫീസർ
സബ്സിഡി ധനസഹായം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (കൈ) നമ്പർ 115/2022/LSGD തീ. 28.05.2022 ഖണ്ഡിക 6.5.4 പ്രകാരം പ്രൊജക്ട് വായ്പാ ബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക കൈമാറാവുന്നതാണ്. മേൽ പദ്ധതിയിൽ എടവിലങ്ങ് പഞ്ചായത്തിലെ ഒരുമ കാറ്ററിങ്ങ് ഗ്രൂപ്പിന് വായ്പ അധിഷ്ഠിത സബ്സിഡിയായി വൗച്ചർ നം. 22300520/15.5.2023 പ്രകാരം 2,02,500 രൂപ അനുവദിച്ചിട്ടുണ്ട് (ധനലക്ഷ്മി ബാങ്ക് A/c No9852600000295, എടവിലങ്ങ് ബ്രാഞ്ച്). എന്നാൽ പ്രസ്തുത ഗ്രൂപ്പിന് ലോൺ തുക അനുവദിച്ചതിന്റേയും നാളിതുവരെ ലോൺ തിരിച്ചടവ് നടത്തിയതിന്റേയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയൽ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

Cost Of Project (പ്രോജക്ട് റിപ്പോർട്ട് പ്രകാരം)

Plant And Machinery – Rs.150000

Working Capital – Rs.150000

Total – Rs.300000

സ്ഥാപനത്തിന് വേണ്ടതായ സാധന സാമഗ്രികൾ വാങ്ങുന്നതിന് പവർ പ്ലസ് ഹോം അപ്ലയൻസസ്, റിയൽ ഹോം അപ്ലയൻസസ് എന്നിവയിൽ നിന്നും ലഭിച്ച 102000 രൂപയുടെ ക്വട്ടേഷനുകൾ ഫയലിൽ ഉണ്ടെങ്കിലും ആയവ വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സുകൾ ഇല്ല. ഫയലിൽ ലഭ്യമായ കൃഷ്ണ അലൂമിനിയം & PVC ഫാബ്രിക്കേഷൻസിന്റെ 20000 രൂപയുടെ കാഷ് ബില്ലിൽ വാങ്ങിയ ആളുടെ പേര്, തീയതി എന്നിവ ഇല്ല. ഡ്രീംസ് കളേഴ്സിന്റെ ഇൻവോയ്സിലും (ഇൻവോയ്സ് നം. 7253/20.2.2023, തുക -15219 രൂപ) വാങ്ങിയ ആളുടെ പേര് ഇല്ല. ക്വട്ടേഷനിൽ പറഞ്ഞിട്ടുള്ള സാധനങ്ങൾ ഒന്നും തന്നെ മേൽ ഇൻവോയ്സ്, കാഷ് ബിൽ എന്നിവ പ്രകാരം വാങ്ങിയിട്ടില്ല. 16.2.2023 ലെ എടവിലങ്ങ് പഞ്ചായത്ത് 3ാം വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിൽ ഗ്രൂപ്പിലെ അംഗമായ നസീമയ്ക്ക് ഫുഡ് & സേഫ്റ്റി ലൈസൻസ് ഉള്ളതായി പറഞ്ഞിട്ടുണ്ട്, ആയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

26.6.2024ന് ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ കാറ്ററിങ്ങ് നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നതായി കണ്ടു. സ്ഥാപനത്തിന് പഞ്ചായത്തിൽ

നിന്നും ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം.5/26.6.2024).

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെയും രേഖകൾ ഹാജരാക്കുന്നതുവരെയും 2,02,500 രൂപ തടസ്സപ്പെടുത്തുന്നു.

1-11 ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേക ആവശ്യങ്ങൾക്കായി ലഭ്യമായതും 2023-24 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 ൽ ബാലൻസ് ഉള്ളതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.3/26.6.2024)

ക്രമ നമ്പർ	ഹെഡ്ഡ്	ബാലൻസ്	തുക	ഏജൻസി/തുക ലഭ്യമായ തീയതി
1	320100110	Centrally Sponsored Scheme IAY General	484492രൂപ	കേന്ദ്ര സംസ്ഥാന സർക്കാരുകൾ /1985-86
2	320200319	Grant For Solid Waste Management	47000രൂപ	കേന്ദ്ര സംസ്ഥാന സർക്കാർ/1999-2000
3	320100115	Centrally Sponsored Scheme-Total Sanitation Campaign(TSC)	2705932രൂപ	കേന്ദ്ര സംസ്ഥാന സർക്കാർ/1999-2000
4	320200399	Grants Funds & Contributions For Specific Purpose -Other Than Development Fund And State Sponsore	16849968രൂപ	കേന്ദ്ര സംസ്ഥാന സർക്കാരുകൾ /1985-86
5	320300103	Grants Funds & Contributions For Specific Purpose Other Govt Agencies Total Sanitation	21866രൂപ	കേന്ദ്ര സംസ്ഥാന സർക്കാർ/1999-2000
6	320700105	Contributions For Joint Venture Projects (Capital Expenditure)from District Panchayats	1610473രൂപ	ജില്ലാപഞ്ചായത്ത്, /1985-86
7	320700202	Contributions	1321912രൂപ	തൃശ്ശൂർ മുനിസിപ്പൽ

		For Joint Venture Projects (Revenue Expenditure)from Municipal Corporations		കോർപ്പറേഷൻ(Urban Agglomeration Project)/ 2021-22
8	320700203	Contributions For Joint Venture Projects (Revenue Expenditure)from Village Panchayats	764250രൂപ	ഗ്രാമപഞ്ചായത്ത്/1985-86
9	320200301	Recoveries Payable-COVID	174400 രൂപ	-

ക്രമനം. 2,3,5,7 എന്നിവയിൽ സൂചിപ്പിച്ച തുകകൾ പരിശോധിച്ച് ലഭ്യമായ ആവശ്യത്തിലേക്കായി ഉപയോഗിക്കേണ്ടതും അല്ലാത്ത പക്ഷം ലഭ്യമാക്കിയ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.
ക്രമ നം. 1,4,6,8 എന്നിവയിൽ സൂചിപ്പിച്ച തുകകൾ 1985-86കാലയളവിൽ ആരംഭിച്ച ഇന്ദിരാ ആവാസ് യോജന (IAY) ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത്, കേന്ദ്ര സംസ്ഥാന സർക്കാരുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ തുകകളാണ്. കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 22.1.2024 ലെ യോഗതീരുമാനവും അനുബന്ധരേഖകളും (SRG/422/24) പ്രകാരം 2024-25 ൽ ലൈഫ്/PMAY ഗ്രാമീൺ ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകുമ്പോൾ IAY യിൽ ചെലവഴിക്കപ്പെടാതെ BOB-IAY Plan Share(5021) & BOB-IAY State Share(8197) എന്നീ അക്കൗണ്ടുകളിൽ കിടക്കുന്ന വിഹിതം ആദ്യം ഉപയോഗിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി ലഭ്യമായിട്ടുണ്ട്. നിർദ്ദേശം പാലിക്കേണ്ടതാണ്.
ക്രമനം.9 ൽ Recoveries Payable -Covid എന്ന ഇനത്തിൽ ചേർത്തിട്ടുള്ള തുക (1,74,400 രൂപ) കോവിഡ് കാലഘട്ടത്തിൽ ജനപ്രതിനിധികളിൽ നിന്നും കരാറുകാരിൽ നിന്നും സമാഹരിച്ച തുകയാണ്. സർക്കാരിന്റെ നിർദ്ദേശാനുസരണം പ്രസ്തുത തുക വിനിയോഗിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ-3/ 26.6.2024).

1-12 ബയോ മെഡിക് പഞ്ചിങ്ങ് സംവിധാനം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്ട് നമ്പർ-116/24 സ്പിൽ ഓവർ

ചെലവ് - 22490

ഫണ്ട് -തനത് ഫണ്ട്

വൗച്ചർ നമ്പർ-22300459/31.01.2024

